**POLICE** **KERALA** **DEPARTMENT**

**No. E2(a)-57032/2016/E**
District Police Office,
Ernakulam Rural
spekmrl.pol@kerala.gov.in
04842623550
Dated. 03-08-2018

## ERRATUM

**തിരുത്ത്**

**വിഷയം** : എറണാകുളം ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ള ഉപയോഗയോഗ്യമല്ലാത്തതായ ടയർ, ട്യൂബ്, ഫ്ലാപ്പ്എന്നിവയുടെ ലേലം സംബന്ധിച്ച്.-

**സൂചന** : 1. ഈ ഓഫീസിലെ 18/07/2018 തീയതിയിലെ E2(a)/57052/2016/ER നമ്പർ ലേല പരസ്യം.

ഈ ഓഫീസിലെ 18/07/2018 തീയതിയിലെ E2(a)/57032/2016/ER നമ്പർ പ്രകാരമുള്ള പരസ്യത്തിൽ എറണാകുളം(റൂറൽ ) ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ള ഉപയോഗയോഗ്യമല്ലാത്തതായ ടയർ, ട്യൂബ്, ഫ്ലാപ്പ് എന്നിവ 28/09/2018 തീയതി വെള്ളിയാഴ്ച പരസ്യമായി ലേലം നടത്തുന്നതിന് നിശ്ചയിച്ചിരുന്നു. ആയതിന്റെ നിരതദ്രവ്യമായി സൂചിപ്പിച്ചിരുന്ന തുക അധികമായി തെറ്റായി രേഖപ്പെടുത്തിയത് ഇതിനാൽ തിരുത്തുന്നു.

ടി ലേലത്തിൽ പങ്കെടുക്കേണ്ടവർ അടക്കേണ്ടതായ നിരതദ്രവ്യത്തിന്റെ ശരിയായ നിരക്ക് താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | നിരതദ്രവ്യം |
|---|---|---|
| 1 | ടയർ | Rs.1,636/- |
| 2 | ട്യൂബ് | Rs.176/- |
| 3 | ഫ്ലാപ്പ് | Rs.22/- |

പരാമർശം (1) ലെ ലേല പരസ്യം മേൽ ഭേദഗതിയോടെ നില നിൽക്കുന്നതാണ്.

Rahul R Nair IPS
District Police Chief

E2(a)-57032/2016/E        3c55ac

**POLICE** **DEPARTMENT**

**KERALA**

**<u>No. E2(a)-57032/2016/E</u>**
District Police Office,
Ernakulam Rural
spekmrl.pol@kerala.gov.in
04842623550
Dated. 18-07-2018

**<u>ലേലപരസ്യം</u>**

എറണാകുളം ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ളതും കളമശ്ശേരി ഏ ആർ കമാണ്ടൻറിന്റെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതുമായ പോലീസ് ഡിപ്പാർട്ട്മെന്റിന്റെ ഉടമസ്ഥതയിലുള്ളതും ഉപയോഗയോഗ്യമല്ലാത്തതുമായ ടയർ, ട്യൂബ്, ഫ്ലാപ് എന്നിവ 28/09/2018 തീയതി വെള്ളിയാഴ്ച പകൽ 11 മണിക്ക് പ്രസ്തുത കാര്യാലയത്തിൽ വച്ച് പരസ്യമായി ലേലം/ടെൻഡർ വഴി വിൽപ്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | ഇനം | നിരതദ്രവ്യം |
|---|---|---|
| 1 | ടയർ | Rs.16,360/- |
| 2 | ട്യൂബ് | Rs.1760/- |
| 3 | ഫ്ലാപ് | Rs.225/- |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം നടക്കുന്ന സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപായി മേൽ പറഞ്ഞ ഇനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം കഴിഞ്ഞാലുടൻ ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം തിരികെ നൽകുന്നതാണ്.

ടി ഇനങ്ങൾ വാങ്ങുവാൻ ദർഘാസ് നല്കുവാൻ ഉദ്ദേശിക്കുന്നവർ മുൻ കൂട്ടി സീൽ ചെയ്ത കവറിൽ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ 24/09/2018 തീയതി തിങ്കളാഴ്ച വൈകുന്നേരം 4pm മണിക്ക് മുൻപായി എറണാകുളം ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ ലഭിക്കത്തക്കവണ്ണം അയക്കേണ്ടതാണ്. ദർഘാസിനൊപ്പം ഓരോ ഇനത്തിനും നിരതദ്രവ്യമായി മേൽ പറഞ്ഞ നിരക്കിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും എറണാകുളം ജില്ലാ പോലീസ് മേധാവിയുടെ പേരിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. കവറിന് പുറത്ത് " ഉപയോഗ ശൂന്യമായ എം.ടി. സ്റ്റോർസ് വാങ്ങുന്നതിനുള്ള ദർഘാസ്" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ഓരോ ഇനത്തിനും പ്രത്യേകം കവറുകൾ അയക്കേണ്ടതാണ്.

ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും, ലേലത്തിലോ ടെൻഡറിലോ, കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ളയാൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. ലേലം കഴിഞ്ഞാലുടൻ ലേലം / ടെൻഡർ സംഖ്യയുടെ പകുതി തുക (നിരതദ്രവ്യം കഴിച്ച് ) ലേലം കൊണ്ടായാൾ ലേലസ്ഥലത്ത് വച്ചുതന്നെ അടച്ച രസീത് വാങ്ങേണ്ടതാണ്. ലേലം / ടെൻഡർ സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കി തുകയും, നിയമാനുസൃതമായുള്ള വിൽപ്പനനികുതിയും അടച്ച സ്വന്തം ഉത്തരവാദിത്വത്തിൽ സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്.

ലേലം കൊണ്ടായാൾ ഈ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും, പുനർലേലം നടത്തുന്നതുമായിരിക്കും. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ലേലം കൊണ്ടയാൾ ഉത്തരവാദിയാകുന്നതും നഷ്ടപ്പെട്ട സംഖ്യ ടിയാനിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതുമാണ്. പുനർലേലത്തിൽ കൂടുതൽ സംഖ്യ ലഭിച്ചാൽ ആയതിന് ടിയാൻ അവകാശി ആയിരിക്കുന്നതുമല്ല. ലേല വസ്തുക്കൾ ലേലത്തിന് മുൻപുള്ള 10 പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 4 മണി വരെ കളമശ്ശേരി സായുധസേനാ ക്യാമ്പിൽ കമാണ്ടൻറിന്റെ മുൻകൂർ അനുമതിയോടെ പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം മാറ്റിവക്കുകയോ ലേലം / ദർഘാസ് വിൽപ്പന അസ്ഥിരപ്പെടുത്തുകയോ ചെയ്യാനുള്ള പൂർണ്ണ അധികാരം എറണാകുളം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

Rahul R Nair IPS
District Police Chief

To : 1. എറണാകുളം റൂറൽ പോലീസിലെ എല്ലാ ഓഫീസർമാർക്കും 2. എല്ലാ പോലീസ് യൂണിറ്റിലെയും പോലീസ് സൂപ്രണ്ടുമാർക്ക് 3. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, എറണാകുളം (ആമുഖ കത്ത് സഹിതം) 4. കമാണ്ടൻറ് ഏ ആർ കളമശ്ശേരി അറിവിനും അനന്തര നടപടിക്കും 5. സൂപ്രണ്ട് ഗവൺമെൻറ് പ്രസ്സ്, ജില്ലാ പബ്ലിക് ഇൻഫൊർമേഷൻ ഓഫീസർ, തിരുവനന്തപുരം/എറണാകുളം(ആമുഖ കത്ത് സഹിതം) 6. ഡയറക്ടർ പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം പത്ര മാധ്യമങ്ങളിൽ പരസ്യം ചെയ്യുന്നതിന് (ആമുഖ കത്ത് സഹിതം) 7. സി എ ടു ഡി പി സി എറണാകുളം റൂറൽ 8. ഡി വൈ എസ് പി ഭരണ വിഭാഗം 9. മാനേജർ, എ എ, എ ഓ എന്നിവരുടെ അറിവിലേക്ക് 10. കാഷ്യർ ഡി പി ഓ എറണാകുളം റൂറൽ അറിവിലേക്ക് 11. നോട്ടീസ് ബോർഡ് ഡി പി ഓ എറണാകുളം റൂറൽ.